**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2836 — 17.10.2016 ൽ മറുപടിക്ക്

## നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ആരംഭിക്കുന്നതിനുള്ള എല്ലാ ആധുനിക സൗകര്യങ്ങളും പരവൂർ നഗരസഭ ഒരുക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ നിരവധി നിവേദനങ്ങൾ നൽകിയെങ്കിലും (ഫയൽ നം.6115/MZ/15) നാളിതുവരെ അവ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നും പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാൻ തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (ബി) & (സി) | നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയിൽ 18 (പതിനെട്ട്) അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് 18.01.2016 ൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പുതിയ ശമ്പള സ്കെയിലുകളുടെ അടിസ്ഥാനത്തിൽ വീണ്ടും തയ്യാറാക്കി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. |
| (സി) | തസ്തികകൾ സൃഷ്ടിച്ച് ,നഗരസഭയൊരുക്കിയ സൗകര്യങ്ങൾ ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുവാൻ അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ